# യൂണിറ്റ് ടെസ്റ്റ്

(ജൂൺ, ജൂലായ്, ആഗസ്ത്)

## ചോദ്യ ബാങ്ക് 2011 – 12

## മൂന്നാം തരം

## മലയാളം

**യൂണിറ്റ് ടെസ്റ്റ് - ഗ്രേഡിഗ് സൂചകങ്ങൾ**

**മൂന്നാം തരം** | **മലയാളം** | **സമയം 80 മിനുട്ട്**

| ക്രമ നമ്പർ | വ്യവഹാര രൂപം | സൂചകങ്ങളും വ്യാഖ്യാനങ്ങളും | സ്കോർ |
|---|---|---|---|
| 1 | വിവരണം | ആശയപൂർണതയോടെ എഴുതുന്നു. (ചിത്രം/സംഭവം/ദൃശ്യത്തെക്കുറിച്ച് കൃത്യമായി വിവരിച്ചിട്ടുണ്ട്)<br>വാക്യക്രമം, ആശയക്രമം പാലിച്ചിട്ടുണ്ട്.<br>വസ്തുനിഷ്ഠമായ രചന (ഭാവനാംശത്തിന് താരതമ്യേന പ്രാധാന്യം കുറവ്) | 4/3/2/1 20 മിനുട്ട്<br>4/3/2/1<br>4/3/2/1 |
| 2 | സംഭാഷണം | സന്ദർഭത്തിന്/കഥാപാത്രത്തിന് അനുയോജ്യമായ ഭാഷ.<br>ആശയങ്ങളുടെ തുടർച്ച<br>സ്വാഭാവികത | 4/3/2/1 20 മിനുട്ട്<br>4/3/2/1<br>4/3/2/1 |
| 3 | കത്ത് | ഉള്ളടക്കം<br>കത്തിന്റെ ഘടന (സ്ഥലം, തീയ്യതി)<br>ഉചിതമായ ഭാഷ | 4/3/2/1 15 മിനുട്ട്<br>4/3/2/1<br>4/3/2/1 |
| 4 | കവിത | ഉചിതമായ പദവിന്യാസം, താളം<br>സൗന്ദര്യാംശം (പ്രയോഗ രീതി, വർണന)<br>കവിതയുടെ ആശയം പ്രതിഫലിക്കുന്ന ശീർഷകം. | 4/3/2/1 20 മിനുട്ട്<br>4/3/2/1<br>4/3/2/1 |
| 5 | അടിക്കുറിപ്പ് | ആശയം, ഭാവം പ്രതിഫലിക്കുന്ന പദങ്ങൾ/ വാക്യങ്ങൾ<br>സംക്ഷിപ്തത | 4/3/2/1 5 മിനുട്ട് |

**വിവരണം - 1**

ഒരു ദിവസം വൈകുന്നേരം മുത്തച്ഛൻ രാകേഷിന്റെ കൈയ്യും പിടിച്ച് പട്ടണത്തിലെ പുസ്തക ശാലയിൽ എത്തി. "നിനക്ക് ഏത് പുസ്തകമാണ് വേണ്ടത്?" മുത്തച്ഛൻ ചോദിച്ചു. അപ്പോൾ രാകേഷ് പട്ടണ കാഴ്ച്ചകൾ ആശ്ചര്യത്തോടെ നോക്കിനിൽക്കുകയായിരുന്നു. പട്ടണത്തിലെ കാഴ്ച്ചകൾ വിവരിക്കാമോ?



**വിവരണം - 2**

മീനു പാടവരമ്പിലൂടെ നടക്കുകയായിരുന്നു. വറ്റിവരണ്ട പാടവും തോടും നോക്കിയിരിക്കുന്ന പച്ചക്കിളിയെ അപ്പോഴാണ് അവൾ ശ്രദ്ധിച്ചത്. വയലിനും തോടിനും വന്ന മാറ്റത്തെക്കുറിച്ച് പച്ചക്കിളി മീനുവിനോട് പറഞ്ഞു. എന്തായിരിക്കും പറഞ്ഞിട്ടുണ്ടാവുക? വിവരിക്കാമോ?

**വിവരണം - 3**

രക്ഷപ്പെടാനായി കടലാസ് തോണിയിൽ കയറിയ ചോണനുറുമ്പ് ഗ്രാമത്തിലെ കാഴ്ചകൾ കണ്ട് അരുവിയിലൂടെ ഒഴുകിനീങ്ങി. ചോണനുറുമ്പ് അപ്പോൾ കണ്ട കാഴ്ച്ചകളാണ് ചിത്രത്തിലുള്ളത്. ആ കാഴ്ചയുടെ ഒരു വിവരണം തയ്യാറാക്കുക.



**വിവരണം – 4**

ഗവ. യു.പി. സ്കൂളിലെ സ്വാതന്ത്ര്യ ദിനാഘോഷം പി.ടി.എ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ വിവിധ പരിപാടികളോടെ നടന്നു. ഹെഡ്മാസ്റ്ററാണ് സ്വാഗതം പറഞ്ഞത്. ആശംസാ പ്രസംഗത്തിനു ശേഷം കുട്ടികളുടെ കലാപരിപാടികൾ നടന്നു. പായസ ദാനവുമുണ്ടായിരുന്നു. നിങ്ങളുടെ സ്കൂളിലും സ്വാതന്ത്ര്യദിനം ആഘോഷിച്ചിരിക്കുമല്ലോ? അതിന്റെ ഒരു വിവരണം തയ്യാറാക്കുക.

**വിവരണം – 5**

തിമർത്തുപെയ്യുന്ന മഴ. കാണക്കാണെ വെള്ളം പൊങ്ങിവരുന്നു. മഴക്കാലം എല്ലാവർക്കും പരിചിതമാണല്ലോ? ഒരു മഴക്കാല വിവരണം തയ്യാറാക്കൂ.

---

**സംഭാഷണം – 1**

നീനുവിന്റെ അച്ഛന് പട്ടത്തിലാണ് ജോലി. അവരെല്ലാം ഇപ്പോൾ പട്ടണത്തിലാണ് താമസം. "നീനു.... നാളെ അത്തമാണ്" അച്ഛൻ ഓർമ്മപ്പെടുത്തി. ഈ വർഷത്തെ ഓണത്തിനെങ്കിലും നാട്ടിൽ എത്തിയിരുന്നെങ്കിൽ എന്നവൾ ആഗ്രഹിച്ചു. ഇവിടെയാണെങ്കിൽ പൂക്കൾ പറിക്കാൻ പോകുന്നില്ല, ഓണക്കളിയില്ല, കൂട്ടുകാരില്ല, ഓണസദ്യപോലും ഹോട്ടലിൽ, കമ്പോളങ്ങളിൽ തിരക്ക്, വിലകുറച്ച് വിൽപ്പന, മേളകൾ, പൂക്കച്ചവടം ഒന്നിനും ഒരു തനിമയില്ല. ഗ്രാമത്തിലെ ഓണനാളുകൾ അവളുടെ മനസിലൂടെ കടന്നുപോയി. ആദ്യം ഓർമ്മ വന്നത് മുത്തശ്ശി തരാറുള്ള ഓണക്കോടിയാണ്. "ഓണത്തിന് നമുക്ക് നാട്ടിലേക്കും പോകാം" എന്ന് അച്ഛൻ പറഞ്ഞപ്പോൾ അവൾ തുള്ളിച്ചാടി. നാട്ടിലെത്തിയ നീനുവിനോട് മുത്തശ്ശി പട്ടണത്തിലെ ഓണ വിശേഷങ്ങൾ ചോദിച്ചു. അവർ എന്തെല്ലാമായിരിക്കും പറഞ്ഞിട്ടുണ്ടാവുക?

മുത്തശ്ശി : നീനു, പട്ടണത്തിൽ ഓണത്തിന് പൂക്കളം ഉണ്ടാക്കാറുണ്ടോ?
നീനു :
മുത്തശ്ശി :
നീനു :

**സംഭാഷണം – 2**

മധ്യവേനൽ അവധിക്ക് രാകേഷ് നാട്ടിലെത്തി. തന്റെ മൂവാണ്ടൻ മാവിനെ കാണാൻ അവന് തിടുക്കമായി മൂവാണ്ടന്റെ അവസ്ഥകണ്ട് രാകേഷ് സങ്കടപ്പെട്ടു. രാകേഷും മൂവാണ്ടനും തമ്മിൽ എന്തെല്ലാമായിരിക്കും പറഞ്ഞിട്ടുണ്ടാവുക?

രാകേഷ് : മൂവാണ്ടാ, നിനക്ക് എന്താണ് പറ്റിയത്? നീ വല്ലാതെ ക്ഷീണിച്ചുപോയല്ലോ?
മൂവാണ്ടൻ :
രാകേഷ് :
മൂവാണ്ടൻ :

**സംഭാഷണം – 3**

അൻവറിന്റെ സ്കൂളിൽ സ്വാതന്ത്ര്യ ദിനാഘോഷം വിപുലമായി കൊണ്ടാടാൻ പി.ടി.എ തീരുമാനിച്ചു. കുട്ടികളുടെ കലാ കായിക മത്സരങ്ങളും പായസദാനവുമൊക്കെ ഉണ്ടാകുമെന്നും രക്ഷിതാക്കളുടെ സഹകരണം വേണമെന്നും ഹെഡ്മാസ്റ്റർ അസംബ്ലിയിൽ അറിയിച്ചു. വൈകുന്നേരം വീട്ടിലെത്തിയ അൻവർ അക്കാര്യങ്ങൾ ഉമ്മയോട് പറഞ്ഞു.

എന്തൊക്കെയായിരിക്കും അൻവറും ഉമ്മയും തമ്മിൽ പറഞ്ഞിട്ടുണ്ടാവുക?

അൻവർ : ഉമ്മാ... ഉമ്മാ... സ്കൂളിലെ സ്വാതന്ത്ര്യദിന പരിപാടികളിൽ രക്ഷിതാക്കളും പങ്കെടുക്കണമെന്ന് മാഷ് പറഞ്ഞു.

ഉമ്മ :
അൻവർ :
ഉമ്മ :

**സംഭാഷണം – 4**

നാട്ടിൽ നിന്നും അച്ഛന്റെ കൂടെ പട്ടണത്തിൽ താമസമാക്കിയ ശ്യാമിന് ആദ്യമൊക്കെ അവിടെ ഇണങ്ങിച്ചേരാൻ പ്രയാസമുണ്ടായി. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. ഒടുവിൽ ഓണാവധിക്ക് അവൻ നാട്ടിൽ തിരിച്ചെത്തി. അവൻ കൂട്ടുകാരനായ അമലിനെ കണ്ടു. പട്ടണത്തെ കുറിച്ച് ഒരുപാടുകാര്യങ്ങൾ അമൽ ശ്യാമിനോട് ചോദിച്ചു. അവരുടെ സംഭാഷണം എങ്ങനെയായിരിക്കും?

അമൽ :

ശ്യാം :

അമൽ :

ശ്യാം :

**സംഭാഷണം – 5**

വൈകുന്നേരം മാമന്റെ കൂടെ നടക്കാനിറങ്ങിയ നീതു സ്കൂളിലെ വിശേഷങ്ങൾ മാമനുമായി പങ്കവയ്ക്കുന്നതിനിടയിലാണ് ആ കാഴ്ച കണ്ടത്. കുന്നിടിച്ച് വയൽ നികത്തുന്നു. കുന്നിടിക്കലുമായി ബന്ധപ്പെട്ട് രാജുമാസ്റ്റർ പറഞ്ഞ കാര്യങ്ങൾ അപ്പോൾ അവൾക്ക് ഓർമ വന്നു. അവൾക്കറിയാവുന്ന ചിലകാര്യങ്ങൾ മാമനോടു പറഞ്ഞു. എന്തൊക്കെയായിരിക്കും അവർ തമ്മിൽ പറഞ്ഞിട്ടുണ്ടാവുക?

നീതു :

മാമൻ :

നീതു :

മാമൻ :

നീതു :

**മേഖല — കത്ത്**

**കത്ത് (1)**

തോരാത്ത മഴ പാടവും പറമ്പും വെള്ളത്തിനടിയിലായി. ശരണ്യയുടെ കുന്നുകുഴി ഗ്രാമം വെള്ളത്തിൽ മുങ്ങി. സ്കൂളിന് രണ്ട് ദിവസം കലക്ടർ അവധി പ്രഖ്യാപിച്ചു. "ഈ പ്രദേശത്ത് മുമ്പൊന്നും ഇങ്ങനെ വെള്ളം കയറിയിരുന്നില്ല. ഉള്ള കുളങ്ങളും വയലുകളും മണ്ണിട്ടു നികത്തുകയല്ലേ പിന്നെങ്ങനെ വെള്ളം കയറാതിരിക്കും.? മുത്തച്ഛൻ ആരോടോ പറയുന്നതുകേട്ടു." ബാഗ്ലൂരിൽ ജോലിചെയ്യുന്ന മാമന് ഇക്കാര്യങ്ങളെല്ലാം ഒരു കത്തിലൂടെ അറിയിക്കാൻ ശരണ്യ തീരുമാനിച്ചു. നാട്ടിലെ വിവരങ്ങളെല്ലാം അറിയിച്ചുകൊണ്ട് അവൾ എഴുതിയ കത്ത് എങ്ങനെ ആയിരിക്കും.?

**കത്ത് (2)**

സർക്കസ് കമ്പനിയിൽ നിന്നും രക്ഷപ്പെട്ട് വിവേക് മുത്തശ്ശിയുടെ അടുത്തെത്തി. അവൻ ഇപ്പോൾ അണ്ണാൻമല സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. നാട്ടിലെയും സ്കൂളിലെയും വിശേഷങ്ങൾ വച്ചുകൊണ്ട് സർക്കസ് കമ്പനിയിലെ തന്റെ കൂട്ടുകാരൻ ജോസിന് അവൻ ഒരു കത്തെഴുതി. എങ്ങനെയായിരിക്കും ആ കത്ത്?

**കത്ത് (3)**

വായനാദിനവുമായി ബന്ധപ്പെട്ട് നീനുവിന്റെ സ്കൂളിൽ പുസ്തക പ്രദർശനം,വായനാക്കുറിപ്പ് എഴുതൽ മത്സരം, അസംബ്ലിയിൽ വെച്ച് പുസ്തകവായന തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ ഉണ്ടായിരുന്നു. നീനുവിന് വായനാക്കുറിപ്പെഴുതൽ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. നീനു വായനാദിനവുമായി ബന്ധപ്പെട്ട് സ്കൂളിലെ വിശേഷങ്ങൾ എല്ലാം ഉൾപ്പെടുത്തി കൂട്ടുകാരി സുഹ്റയ്ക്ക് കത്തെഴുതി. ഇതുപോലെ നിങ്ങളുടെ സ്കൂളിലും പലദിനാചരണങ്ങളും നടന്നിട്ടുണ്ടാവുമല്ലൊ. ഏതെങ്കിലും ഒരു ദിനാചരണത്തെ വിവരിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക.

**കത്ത് (4)**
താമസം മാറിയതു കാരണം രാഹുൽ ഇപ്പോൾ അണ്ണാൻമല സ്കൂളിലാണ് പഠിക്കുന്നത്. പുതിയ സ്കൂളിൽ സ്വാതന്ത്ര്യദിന പരിപാടികൾ വിപുലമായി നടത്തിയിരുന്നു. രാഹുൽ ദേശഭക്തിഗാനം പാടിയിരുന്നു. ഇതുപോലെ നിങ്ങളുടെ സ്കൂളിലെ സ്വാതന്ത്ര്യദിനാഘോഷ പരിപാടിയെക്കുറിച്ച് മാമന് ഒരു കത്തെഴുതു.

**കത്ത് – (5)**
മധ്യവേനൽ അവധി കഴിഞ്ഞു. സ്കൂൾ തുറന്നു. അവധിക്കാല വിശേഷങ്ങളാക്കെ വിശദീകരിച്ചു കൊണ്ട് സാബിർ ഗൾഫിലുള്ള ചേട്ടന് കത്തെഴുതി. എങ്ങനെയായിരിക്കും ആ കത്ത്? എഴുതി നോക്കൂ.

**മേഖല – കവിത**
**കവിത (1)**
**വരികൾ കണ്ടെത്താം**
സഫിയ ഗീതുവിന്റെ വീട്ടിൽ നിന്ന് തിരിച്ചുവരുമ്പോഴാണ് മഴചാറാൻ തുടങ്ങിയത്. അവൾക്ക് നല്ല സന്തോഷം തോന്നി. തുമ്പികളുമൊത്ത് പാടിക്കളിച്ചു. അവൾ പാടിയത് ഇങ്ങനെയാണ്. തുടർന്നുള്ള 4 വരികൾ കണ്ടെത്തുക.

പാറിപ്പാറിപോകും തുമ്പീ
മാരിവരുന്നത് കണ്ടില്ലേ
മഴയത്താടി രസിക്കും തുമ്പി
പാട്ടും പാടി പോകാലോ?

..........................................................................................
..........................................................................................
..........................................................................................
..........................................................................................

**കവിത (2)**
**വരികൾ കൂട്ടിച്ചേർക്കാം.**
നേരം സന്ധ്യയായി. നീനുവിന് മുത്തശ്ശി ഒരു പാട്ട് പാടിക്കൊടുത്തു. അപ്പോഴാണ് തന്റെ തലയ്ക്കു മീതെ വട്ടമിട്ടുപറക്കുന്ന മിന്നാമിന്നിയെ അവൾ കണ്ടത്. നീനു ഇങ്ങനെ പാടി. തുടർന്നുള്ള നാലു വരി എഴുതി നോക്കൂ.
മിന്നി മിന്നി പാറി നടക്കും
മിന്നാമിന്നി എങ്ങോട്ടാ?
കുന്നിനുമീതെ കാടിനുമീതെ
പാറിനടക്കാൻ പോരുന്നോ?

..........................................................................................
..........................................................................................
..........................................................................................

..........................................................................................................

**കവിത (3)**

**വരികൾ കൂട്ടിച്ചേർക്കാം**

അശ്വതി വീട്ടുവരാന്തയിൽ ഇരുന്ന് ദൂരേയ്ക്ക് ഒന്ന് കണ്ണോടിച്ചു. വറ്റിവരണ്ട വയലും കരിഞ്ഞുണങ്ങിയ മരങ്ങളും മാത്രമേ കാണാനുള്ളൂ. പെട്ടെന്നാണ് ഒരു പച്ചക്കിളി പാറിപ്പോകുന്നത് കണ്ടത്. അവൾ പച്ചക്കിളിയോട് കിന്നാരം പറയാൻ തുടങ്ങി. അശ്വതി പാടിയവരികളുടെ തുടർന്നുള്ള 4 വരികൾ കണ്ടെത്താമോ?

പച്ചക്കിളിയേ വർണക്കിളിയേ
എങ്ങോട്ടാണീ സഞ്ചാരം?
ചെമന്ന കൊക്കും കുറിയവാലും
കുലുക്കിപ്പോകണതെങ്ങോട്ടാ?

..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................

**കവിത (4)**

**വരികൾ കൂട്ടിച്ചേർക്കാം**

രാമു താമസം മാറി പട്ടണത്തിലേക്ക് പോകുമ്പോൾ തന്റെ കുറിഞ്ഞിപ്പൂച്ചയെ സംരക്ഷിക്കുവാൻ വേണ്ടി അടുത്ത വീട്ടിലെ ഷാഹിറയെ ഏല്പിച്ചു. സന്തോഷം കൊണ്ട് തുള്ളിച്ചാടി ഷാഹിറ ഇങ്ങനെ പാടാൻ തുടങ്ങി. തുടർന്നുള്ള യോജിച്ച വരികൾ കണ്ടെത്തൂ.

പഞ്ഞിക്കെട്ടു പുതച്ചുവരുന്നൊരു
കുറിഞ്ഞിപ്പൂച്ചേ എൻപൂച്ചേ
പാലുകുടിക്കും നേരത്ത്
വാലുമടക്കിയിരിക്കുന്നോ

..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................

**കവിത (5)**

**വരികൾ കൂട്ടിച്ചേർക്കാം**

തൊടിയിലേക്ക് ഇറങ്ങിയ ആതരിയെ കണ്ട് പൂവാലൻ അണ്ണാൻ ചിലച്ചു. അവൾ അണ്ണാന്റെ കൂടെ തോട്ടിൻ കരയിലൂടെ നടന്നു. കളകളം പാടി ഒഴുകുന്ന അരുവിയെ നോക്കി ആതിര ഇങ്ങനെ പാടി.

**തുടർന്നുള്ള 4 വരികൾ നിങ്ങൾ കണ്ടെത്തുക.**

പാൽനുരതൂകി പാടി വരുന്നൊരു
കൊച്ചരുവിപ്പെണ്ണേ
നിൻ കഥ കേൾക്കാൻ കൊതിയാവുന്നു
ചൊല്ലുക നീയെൻ കൊച്ചരുവീ..

..........................................................................................................
..........................................................................................................
..........................................................................................................
..........................................................................................................



<u>**അടിക്കുറിപ്പു എഴുതുക :**</u>

....................................................................................................

....................................................................................................

....................................................................................................

....................................................................................................

....................................................................................................

....................................................................................................

....................................................................................................

....................................................................................................



<u>അടിക്കുറിപ്പു എഴുതുക :</u>

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................



അടിക്കുറിപ്പു എഴുതുക :

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................



<u>**അടിക്കുറിപ്പു എഴുതുക :**</u>

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................